**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2572 **06.02.2018** - ലെ മറുപടിക്ക്

**അംബേദ്കർ ഗ്രാമ വികസന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2016-2017 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉത്തരവ് (നമ്പർ. 16/2017 പജ.പവ.വിവ. തീയതി 16.3.17) പ്രകാരം അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ തെരഞ്ഞെടുത്ത കോളനികളുടെ എണ്ണമെത്രയാണ്; | (എ) | 18.03.2017-ലെ സർക്കാർ ഉത്തരവ് നമ്പർ 15/2017/പജപവവിവ പ്രകാരം 249 കോളനികളെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഈ കോളനികളിൽ 31.12.2017 വരെ ഫീസിബിൾ ആയ കോളനികളുടെയും നോൺ ഫീസിബിൾ ആയ കോളനികളുടെയും എണ്ണം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; | (ബി) | 229 കോളനികൾ ഫീസിബിളും 20 കോളനികൾ നോൺ ഫീസിബിളും ആണ്. |
| (സി) | നോൺ ഫീസിബിൾ ആയ കോളനികൾക്ക് പകരമായി കുറ്റ്യാടി നിയോജക മണ്ഡലത്തിലെ മണിയൂർ ഗ്രാമ പഞ്ചായത്തിലെ പാലയാട്നട, മംഗര, ഐ.എച്ച്.ഡി.പി എന്നീ കോളനികളും തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ തിരുത്തി കോളനിയും 2017-18 വർഷത്തെ അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുമോ; | (സി) | ഒരു നിയോജക മണ്ഡലത്തിൽ നിന്നും ഫീസിബിൾ ആയ രണ്ട് കോളനികളെ വീതം തെരഞ്ഞെടുക്കുവാനേ മാനദണ്ഡ പ്രകാരം കഴിയുകയുള്ളൂ. പകരം സങ്കേതങ്ങൾ തെരഞ്ഞെടുക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ (നം.1100/2017) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | ഉണ്ട്. |

സെക്ഷൻ ഓഫീസർ